സഹകരണ സ്ഥാപനങ്ങളും നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റും

152 (377) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകളിൽ എന്തു തുക നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) എന്നു മുതലാണ് സഹകരണ സ്ഥാപനങ്ങൾ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകളിൽ തുക നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകളിൽ തുക നിക്ഷേപിച്ച സഹകരണ സ്ഥാപനങ്ങൾക്ക് വായ്പയായി അപേക്ഷിച്ചിട്ടുള്ള എല്ലാ അപേക്ഷകൾക്കും കാർഷിക വായ്പ നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം തുക നിക്ഷേപിച്ച സഹകരണ സംഘങ്ങളുടെ മേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 51.69 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 1975 മുതൽ.

(സി) ഉണ്ട്.

(ഡി) ഉത്തരം 'സി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

നീതിസ്റ്റോറുകൾ

153 (378) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതി സ്റ്റോറുകൾ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(ബി) 2001 ജനുവരി 31-ാം തീയതിയിലെ നീതിസ്റ്റോറിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയും ഓപ്പൺ മാർക്കറ്റിലെ സാധനങ്ങളുടെ വിലയും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഓരോ ജില്ലയിലും ഇപ്പോൾ എത്ര നീതി സ്റ്റോറുകൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയിൽ ഓരോ ജില്ലയിലും ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly